പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 317 09.03.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുതിയ പദ്ധതികൾ

ചോദ്യം

ശ്രീ. ചിറയം ഗോപകുമാർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം സമീകരിക്കുന്നതിനായി കൊറിയർ /പാർസൽ സർവ്വീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്.<br>ഇതിനായുള്ള ലേലം / ടെണ്ടർ നടപടി ക്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല.<br>2007 മുതൽ കൊറിയൽ/പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിനായി നടപടി ക്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ തുടർച്ചയായാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. |
| (സി) | ഉണ്ടെങ്കിൽ നാളിതുവരെ അനുബന്ധ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവായിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (സി) | പഠനത്തിനായി തുക ചെലവാക്കിയിട്ടില്ല. 21.10.2007 മുതൽ നടന്ന ടെണ്ടറുകൾക്കായി 6,39,450/- രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ഡി) | അനുബന്ധ പദ്ധതി സാദ്ധ്യത സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരത്തിലുള്ള ഒരു ക്രമീകരണം നടത്തുന്നതിന് തയ്യാറാകുമോ? | (ഡി) | കെ.എസ്.ആർ.ടി.സി നേരിട്ട് കൊറിയർ/ പാഴ്സൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നില്ല. മുൻ രണ്ടു വർഷങ്ങളിൽ ആകെ 15 കോടി രൂപയെങ്കിലും വരുമാനം ഉണ്ടാക്കിയിട്ടുള്ളതും, കുറഞ്ഞത് 60 വാഹനങ്ങളെങ്കിലും നിലവിൽ ഉള്ളതും, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഏജൻസികൾ ഉള്ളതുമായ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കാണ് കൊറിയർ പാഴ്സൽ സർവ്വീസ് കെ.എസ്.ആർ.ടി.സി.യിൽ നടത്തുന്നതിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ അർഹതയുള്ളത്. കെ.എസ്.ആർ.ടി.സി നേരിട്ട് കൊറിയർ |

| | | | |
|---|---|---|---|
| | | | പാഴ്സൽ സർവ്വീസ് നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടില്ലാത്തതിനാലും വരുമാനത്തിന്റെ നിശ്ചിത ശതമാനവും, സ്ഥല സൗകര്യവും, ബസ്സിലെ കൊറിയർ ബോക്സുകളും നൽകുന്ന ഇനത്തിൽ പ്രതിമാസം കുറഞ്ഞത് രണ്ട് ലക്ഷം രൂപയും ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ വിദഗ്ദ്ധ പഠനത്തിന്റെ ആവശ്യകത ഉണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ